**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4250** **28-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ച് വരുന്നുണ്ട്. വ്യവസായ ശാലകൾക്ക് 15 വർഷത്തേയ്ക്ക് അനുമതി, വൈറ്റ് കാറ്റഗറിയിലെ വ്യവസായ യൂണിറ്റുകൾക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ, അനുമതി പത്രം നൽകുന്നതിനായി time line നിജപ്പെടുത്തുക, ഓൺലൈൻ സേവനങ്ങൾക്ക് പൊതുവായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ, പ്ലാസ്റ്റിക്ക്/ ഇ-വേസ്റ്റ് മാനേജ്മെൻറ് റൂൾസ് പ്രകാരം രജിസ്ട്രേഷൻ കെ-സിഫ്റ്റ് മുഖാന്തരം നടപ്പിലാക്കുക, സെൻട്രൽ ഇൻസ്പെക്ഷൻ സംവിധാനം, കൺസെന്റ് സംബന്ധിച്ച് third party verification തുടങ്ങിയ നടപടികൾ വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്നു. |
| (ബി) | വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അടങ്ങുന്ന തീരുമാനങ്ങൾ വ്യവസായ പ്രതിനിധികളുമായി കൂടിയാലോചിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വ്യവസായവുമായി ബന്ധപ്പെട്ട നിയമനിർമാണം നടത്തുമ്പോഴും നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തുമ്പോഴും വ്യവസായവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴും സംസ്ഥാനത്തെ പ്രധാന വ്യാവസായിക സംഘടനകളായ കേരളാ ചെറുകിട വ്യവസായ അസോസിയേഷൻ (KSSIA), കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (CII), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI) മുതലായവരുമായി ചർച്ച നടത്താറുണ്ട്. ഇതിനു പുറമേ കാലാകാലങ്ങളിൽ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും മേൽ പറഞ്ഞ |

| | | | |
|---|---|---|---|
| | | | സംഘടനകളുമായി സർക്കാർ ചർച്ചകൾ നടത്തി വരുന്നുമുണ്ട്.വ്യവസായ സംരഭകത്വവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നൂതനമായ പരിഷ്കരണ നടപടികളിന്മേൽ വ്യവസായ സംഘടനകൾ മതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. കൂടാതെ, നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തി വരുന്നു. |
| (സി) | മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാൻ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | വ്യവസായവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള മേഖലകളിൽ വിവിധ നൂതന സാങ്കേതിക വിദ്യകൾ സംരംഭകരെ പരിചയപ്പെടുത്തുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും, പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടെക്നോളജി ക്ലിനിക്കുകൾ നടത്തി വരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏൻടപ്രെണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) വിവിധ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനവും മറ്റ് സഹായങ്ങളും ചെയ്ത് വരുന്നുണ്ട്. |
| (ഡി) | ആധുനിക സാങ്കേതികവിദ്യയും യന്ത്രസംവിധാനങ്ങളും നിലവിലുള്ളത് പരിഗണിച്ച് വ്യവസായ സ്ഥാപനങ്ങളുടെ പരിശോധന, അനുമതി എന്നിവ സംബന്ധിച്ച നിയമങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | വ്യവസായ സ്ഥാപനങ്ങളുടെ സർക്കാർ നിയമങ്ങൾക്ക് കീഴിലുള്ള വിവിധ അനുമതികൾ കെ-സ്വിഫ്റ്റ് വഴി ഓൺലൈനായും ലഭ്യമാകുന്നതാണ്. ഇതിന് വേണ്ട നിയമനിർമാണങ്ങൾ സർക്കാർ നേരത്തേതന്നെ നടത്തിയിട്ടുണ്ട്. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' പ്രകാരമാണ് കെ-സ്വിഫ്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പി- ക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-CentraIised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ |

| | | | |
|---|---|---|---|
| | | | മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ അഞ്ചു വകുപ്പുകളുടെ പരിശോധനകൾ നിലവിൽ കേന്ദ്രീകൃതമായി ഈ പോർട്ടലിലൂടെ നടത്തിവരുന്നു. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരി- ക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്ന- തിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ, സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിതമായ NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ധ സമിതി വ്യവസായ സംഘടനകളുമായും, വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ